വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

(എ) അപര്യാപ്തത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിശോധിച്ച് ആവശ്യമായ നിർദ്ദേശം നൽകുന്നതാണ്.

(ഡി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പരിശോധിച്ച് ആവശ്യമായ നടപടി കൈക്കൊള്ളുന്നതാണ്.

വിദ്യാഭ്യാസ സൗകര്യം വളരെ കുറഞ്ഞ പ്രദേശങ്ങളിൽ എൽ. പി. സ്കൂൾ

*15 [851] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ സൗകര്യം വളരെ കുറഞ്ഞതും മൂന്ന് കിലോമീറ്ററിനുള്ളിൽ എൽ. പി. സ്കൂൾ ഇല്ലാത്തതുമായ പ്രദേശങ്ങളിൽ ഗവൺമെന്റ് ഉടമയിലോ എയ്ഡഡ് മേഖലയിലോ എൽ. പി. സ്കൂൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി):

ഇക്കാര്യം തൽക്കാലം പരിഗണനയിലില്ല.

(2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാലവർഷക്കെടുതിയിൽ വീട്, കൃഷി എന്നിവ നശിച്ചവർക്ക് സാമ്പത്തിക സഹായം

1 [4976] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ കാലവർഷക്കെടുതിമൂലം വീട്, കൃഷി എന്നിവ നശിച്ച എത്ര പേർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക സഹായത്തിൻപ്രകാരം ഉദുമ നിയോജകമണ്ഡലത്തിൽപ്പെട്ട എത്ര പേർക്ക് എത്ര തുക വീതം ആർക്കൊക്കെ നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) വീട് നശിച്ച 2485 പേർക്കും, കൃഷി നശിച്ച 10512 പേർക്കും സഹായം അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വീട് നശിച്ച 277 പേർക്ക് 8,38,750 രൂപയും, കൃഷി നശിച്ച 1353 പേർക്ക് 10,35,607 രൂപയും അനുവദിച്ചിട്ടുണ്ട്.

കടൽക്ഷോഭംമൂലം നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

2 [4977] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2002, 2003 എന്നീ വർഷങ്ങളിൽ കടൽക്ഷോഭംമൂലം എത്ര വീടുകൾ തകർന്നു പോയിട്ടുണ്ട്; എത്ര വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു; കൃഷി നാശം സംഭവിച്ചിട്ടുണ്ടോ;

(ബി) ഇവർക്ക് എന്ത് സാമ്പത്തിക സഹായമാണ് ഓരോ ഇനത്തിലും നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

	2002	2003
(എ) വീട് പൂർണ്ണമായി തകർന്നത്	70	118
വീട് ഭാഗികമായി തകർന്നത്	1324	354

കടൽക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ബി) നാശനഷ്ടങ്ങളുടെ തോത് കണക്കാക്കി ഭാഗികമായി തകർന്ന വീടുകൾക്ക് പരമാവധി 5000 രൂപയും പൂർണ്ണമായി തകർന്ന വീടുകൾക്ക് 15,000 രൂപയും നൽകിവരുന്നു.

"വെള്ളപ്പൊക്ക നിവാരണത്തിനും അടിയന്തിര ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനങ്ങൾ"

3 [T4978] ശ്രീ. ടി. പി. രാമകൃഷ്ണൻ:
" മത്തായി ചാക്കോ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടരെ ഉണ്ടാകുന്ന വെള്ളപ്പൊക്കം ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം വെള്ളപ്പൊക്കം ഉണ്ടായ പ്രദേശങ്ങൾ ഏതൊക്കെയാണെന്നും തൻമൂലം എന്തുമാത്രം നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും കണക്കാക്കപ്പെട്ടിട്ടുണ്ടോ;

T മാറ്റിവയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly